# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1563**

**16.03.2015 - ൽ മറുപടിക്ക്**

## നീര ഉൽപാദനവും വിതരണവും

**ചോദ്യം**
**ശ്രീ. ഇ.കെ.വിജയൻ**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നീര ഉൽപാദനത്തിലും വിതരണത്തിലും കാലതാമസം നേരിടുന്നത് കേര കർഷകരെ ആശങ്കയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) നീര ഉൽപാദനവും വിതരണവും കാര്യക്ഷമമാവാത്തത് കൃഷിവകുപ്പും നാളികേര ബോർഡും തമ്മിലുള്ള തർക്കം മൂലമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>സി) പ്രശ്നങ്ങൾ പരിഹരിച്ച് നീര ഉൽപാദനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | ബി) & സി) നീര ഉൽപാദനത്തിലും വിതരണത്തിലും കൃഷിവകുപ്പും നാളികേര ബോർഡും തമ്മിൽ തർക്കങ്ങളൊന്നും നിലവിലില്ല.<br>കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷിക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും, രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നിവയാണ് ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ